തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

250 (3457) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനും, പ്രവർത്തനത്തിനും ഏർപ്പെടുത്തിയ പുതിയ രീതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (16-11-2013-ലെ സ.ഉ. (എം എസ്.) 362/13/തസ്വഭവ.) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ വിവരിക്കുന്ന രീതിയിൽ പദ്ധതി രൂപീകരണ-അംഗീകാര-നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

1. ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 5 വർഷത്തേയ്ക്കുള്ള പ്രോജക്ടുകളുടെ സംഗ്രഹം ഉൾപ്പെടുന്ന പഞ്ചവത്സര പദ്ധതിയും അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതിയും തയ്യാറാക്കുന്നു.
2. മുൻ വർഷത്തെ പദ്ധതി നിർവ്വഹണത്തിലെ അനുഭവങ്ങൾ ഉൾക്കൊണ്ട് നടപ്പുവർഷം പദ്ധതികളിൽ കാലോചിത മാറ്റങ്ങൾ ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൊതു വിഭാഗം വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ 45%-ൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കിവയ്ക്കാവുന്നതാണ്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 55%-വും ജില്ലാ പഞ്ചായത്തിന് 50%-വും ആണ്.
4. പട്ടികജാതി വിഹിതത്തിൽ റോഡുകളുടെ കാര്യത്തിൽ കോളനികൾക്കുള്ള റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
5. എസ്.സി.പി./റ്റി.എസ്.പി. ഫണ്ടിൽ കുറഞ്ഞത് 10 ശതമാനം യുവജന വികസന പരിപാടികൾക്കായി വകയിരുത്തേണ്ടതാണ്.
6. എല്ലാ വാർഡുകളിലും ഗ്രാമ/വാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
7. പദ്ധതി രൂപീകരണ അംഗീകാര നടപടികൾ പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കി.

LIBRARY ARCHIVES Kerala Legislative Assembly

8. പ്രോജക്ട് അംഗീകാര നടപടി കൂടുതൽ ലളിതമാക്കി. പ്രോജക്ട് അംഗീകാരത്തിനുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കുകയും അംഗീകാര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥന്റെ ചുമതലയിലാക്കുകയും ചെയ്തു.

9. പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമുള്ള പരാതി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചു.

വില്ല്യാപ്പള്ളിയിലെ ടാഗോർ വായനശാല കെട്ടിടം

251 (3458) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി ഫണ്ടിൽപ്പെടുത്തിയിട്ടുള്ള വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ടി പ്രൊപ്പോസലിന് ഭരണാനുമതി നൽകാനുള്ള ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് ഭരണാനുമതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടുന്നതിനായി ഈ വിഷയം കൈകാര്യം ചെയ്യുന്ന ഇ-ഫയൽ നമ്പർ 383/ഡിബി2/15/തസ്വഭവ സമർപ്പണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly